6ടൊ1
9/6/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കേരള സാമൂഹ്യ സുരക്ഷാ മിഷൻ- അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡും പാസ് ബുക്കും നൽകുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.329/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 5.6.2015

---

പരാമർശം- 1. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.4.2015 ലെ 234/P7/2014/KSSM Vol-2(1) നമ്പർ കത്ത്.

2. 16.5.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡും പാസ്സ് ബുക്കും നൽകുന്ന പദ്ധതിയ്ക്ക് പ്രാദേശിക തല മെഡിക്കൽ ക്യാമ്പുകളും മൊബൈൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാവശ്യമായ 1 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2235-02-101-68(Plan) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് പരാമർശം 1 പ്രകാരം കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡും പാസ്സ് ബുക്കും നൽകുന്ന പദ്ധതിയ്ക്ക് പ്രാദേശിക തല മെഡിക്കൽ ക്യാമ്പുകളും മൊബൈൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാവശ്യമായ ഒരു കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2235-02-101-68(Plan) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സാമൂഹ്യനീതി(എ)വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ